**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5032** **20-03-2025 - ൽ മറുപടിയ്ക്ക്**

**അസിസ്റ്റന്റ് ലേബർ ഓഫീസർ തസ്തികയിലെ നിയമനം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ഡോ. എം. കെ. മുനീർ</td><td colspan="2">ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-II തസ്തികയിലേക്ക്, സീനിയർ ക്ലാർക്കുമാരിൽ നിന്നും താൽക്കാലിക പ്രമോഷൻ ലഭിച്ചവർക്ക് ഡെപ്യൂട്ടേഷൻ അനുവദിക്കാറുണ്ടോ; ഉണ്ടെങ്കിൽ ഇങ്ങനെ ഡെപ്യൂട്ടേഷൻ അനുവദിക്കുന്നത് ചട്ടവിരുദ്ധമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;</td><td>(എ)</td><td>അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികയിലേയ്ക്ക്, സീനിയർ ക്ലാർക്കുമാരിൽ നിന്നും താൽക്കാലിക പ്രമോഷൻ ലഭിച്ച ജീവനക്കാർക്ക് കേരള സർവ്വീസ് റൂൾസ് പാർട്ട് I ചാപ്റ്റർ XI-ന്റെ ചട്ടം 144 പ്രകാരം വകുപ്പ് തലവൻ/ലേബർ കമ്മീഷണർ നിരാക്ഷേപ പത്രം അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടേഷൻ അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ ഡെപ്യൂട്ടേഷൻ അനുവദിക്കുന്നത് ചട്ടവിരുദ്ധമാണോ എന്ന കാര്യം പരിശോധിച്ചുവരുന്നു.</td></tr>
<tr><td>(ബി)</td><td>ഡെപ്യൂട്ടേഷൻ അനുവദിച്ച തസ്തികകളിലെയും മറ്റ് വിധത്തിൽ ഒഴിവുകൾ ഉണ്ടായ അസിസ്റ്റന്റ് ലേബർ ഓഫീസർ തസ്തികകളിലെയും ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;</td><td>(ബി)</td><td>അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികയിലെ നേരിട്ടുള്ള നിയമനത്തിന്റെ 34 ഒഴിവുകളും പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും എല്ലാ ഒഴിവുകളിലും നിയമനം നടത്തിയിട്ടുള്ളതുമാണ്.</td></tr>
<tr><td>(സി)</td><td>10.10.2018 ലെ ലേബർ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ ഭേദഗതി പ്രകാരം 3:1 ക്വാട്ടയിൽ നിന്നും 2:1 ക്വാട്ട ആയപ്പോൾ ഉണ്ടായ ഒൻപത് ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിരുന്നോ; എങ്കിൽ പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്ത തീയതികൾ വ്യക്തമാക്കാമോ?</td><td>(സി)</td><td>പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അപ്രകാരം ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്ത തീയതികൾ ചുവടെ ചേർക്കുന്നു.
<table>
<tr><td>ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്ത തീയതി</td><td>ഒഴിവുകളുടെ എണ്ണം</td></tr>
<tr><td>29.04.2019</td><td>2</td></tr>
<tr><td>06.02.2021</td><td>3</td></tr>
<tr><td>09.07.2021</td><td>1</td></tr>
<tr><td>24.08.2021</td><td>3</td></tr>
</table></td></tr>
</table>

സെക്ഷൻ ഓഫീസർ